**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1906** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഗതാഗത വകുപ്പിൽ പുതുതായി രൂപീകരിച്ചിട്ടുള്ള ബജറ്റ് ടൂറിസം സെല്ലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗത വകുപ്പിൽ പുതുതായി രൂപീകരിച്ചിട്ടുള്ള ബജറ്റ് ടൂറിസം സെല്ലുകൾ (ബി. ടി. സി.) എല്ലാ ഡിപ്പോകളിലും പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല.<br><br>നിലവിൽ കേരളത്തിലെ 77 ഡിപ്പോകളിൽ ബഡ്ജറ്റ് ടൂറിസം സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | നിലവിലുള്ളവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>2021 നവംബർ മാസം ആരംഭിച്ച ബഡ്ജറ്റ് ടൂറിസം സെൽ പ്രവർത്തനങ്ങൾ എല്ലാ മാസവും വിലയിരുത്താറുണ്ട്. ഓരോ മാസവും മുൻ വർഷങ്ങളെക്കാൾ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങളും വരുമാന നേട്ടവും കൈവരിക്കാൻ യൂണിറ്റുകൾക്ക് സാധിച്ചിട്ടുണ്ട്. 2025 ജനുവരി 1 മുതൽ സെപ്റ്റംബർ 15 വരെയുള്ള വരുമാനം വിലയിരുത്തിയതിൽ മുൻ വർഷത്തെ അപേക്ഷിച്ച് 64% വരുമാനം വർദ്ധനവുണ്ടായിട്ടുണ്ട്. |
| (സി) | ഇവയിൽ ഏത് ബജറ്റ് ടൂറിസം സെല്ലാണ് ലാഭകരമായി പ്രവർത്തിക്കുന്നതെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നുണ്ടോ എന്നും വിശദമാക്കാമോ? | (സി) | ബി.ടി.സി.യുടെ പ്രവർത്തനങ്ങൾ നടക്കുന്ന എല്ലാ യൂണിറ്റിലും ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ പ്രവർത്തന ലാഭം നേടുന്നുണ്ട്. 2025 ആഗസ്റ്റ് മാസത്തെ കണക്കുകൾ പരിശോധിച്ചപ്പോൾ കണ്ണൂർ യൂണിറ്റിലാണ് കൂടുതൽ വരുമാനം ലഭിച്ചത്. ടൂറിസം സീസണും, നടത്തുന്ന ട്രിപ്പുകളുടെ രീതിയും അനുസരിച്ച് ഓരോ മാസവും യൂണിറ്റുകളുടെ വരുമാനം മാറുന്നതാണ്. യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട എല്ലാ ഉദ്ദേശലക്ഷ്യവും നിറവേറ്റുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി കുറച്ചു കൊണ്ടുവരുന്നതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നത്. പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്.<br><br>ഓരോ യൂണിറ്റിലും സ്പെയർ ആയി ലഭ്യമായിട്ടുള്ള ബസുകൾ പ്രയോജനപ്പെടുത്തിയാണ് ബി.ടി.സി. ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നത്. എല്ലാ ട്രിപ്പുകളിലും പ്രവർത്തന ചെലവിലും അധികമായി വരുമാനം ലഭ്യമാകുന്ന തരത്തിലാണ് പാക്കേജുകൾ ക്രമീകരിച്ചിരിക്കുന്നത് എന്നതിനാൽ പ്രവർത്തന ലാഭം നേടുന്ന വിധത്തിലാണ് എല്ലാ പാക്കേജുകളും ഓപ്പറേറ്റ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ